LIBRARY ARCHIVES Kerala Legislative Assembly

AYYAMPILLY DISPENSARY—FOOD RATION—INFORMATION REGARDING

106. (288) **Mr. K. A. Achuthan** *(Nominated):* Will Government be pleased to state.—

(*a*) whether Government are aware that there is an increase of some 12 beds in the Ayyampilly dispensary due to the construction of the M. A. Korath Memorial Ward;

(*b*) have Government increased the allotment for food ration consequent upon the increase of beds;

(*c*) if not, why?

Mr. C. A. Ouseph *(Minister for Education and Public Health):*

(*a*) Yes.

(*b*) Yes.

(*c*) No answer is necessary.

മിസ്റ്റർ കെ. ടി. അച്യുതൻ: ഫുഡ്റേഷൻ അലോട്ടുചെയ്തിട്ടുള്ളതിൽനിന്നും വെട്ടിക്കുറച്ചിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: വെട്ടിക്കുറച്ചിട്ടില്ല. ആവശ്യമുള്ളിടത്തോളം കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. എ. അച്യുതൻ: ഈ അടുത്തകാലത്തു് വെട്ടിക്കുറച്ചിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇല്ലെന്നാണ് എന്റെ അറിവു്. ഉണ്ടെന്നു പറയുന്നുവെങ്കിൽ അതിനെക്കുറിച്ചു് അന്വേഷിക്കാം.

EXPENSE FOR THE DAMAGED RADIO IN OLLUR—PARTICULARS REGARDING

107. (220) മിസ്റ്റർ പി. എസ്സു്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഒല്ലൂർ പഞ്ചായത്തു് അതുത്തിയിലുള്ള റേഡിയൊ ഇപ്പോൾ പ്രവത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്ര മാസമായി പ്രവത്തിക്കാതായിട്ടു്;

(സി) പ്രവത്തിക്കാത്ത കാലത്തു് പ്രസ്തുത റേഡിയോവിനു ഗവണ്മെണ്ടിൽനിന്നു വല്ല ചിലവും നേരിട്ടിട്ടുണ്ടൊ;

(ഡി) ഉണ്ടെങ്കിൽ എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) [illegible] തിയ്യതി മുതൽ പ്രവത്തിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. എസ്സു്. മാധവൻ വൈദ്യർ: എന്തുകൊണ്ടാണു് റേഡിയോ പ്രവത്തിക്കാത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റേഡിയോവിനു് ബാറ്ററിയില്ല. അതു് കേടുവന്നു, അതുകൊണ്ടാണു്..

മിസ്റ്റർ പി. എസ്സു്. മാധവൻ വൈദ്യർ: അതു് അടുത്തുതന്നെ നന്നാക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ബാറ്ററിയായാൽ പിന്നെയും ബുദ്ധിമുട്ടു നേരിടും. അതുകൊണ്ടു് ഇപ്പോൾ ഒല്ലൂരിൽ ഇലക്ട്രിസിറ്റിയുണ്ടു്. അതുകൊണ്ടു വക്കു് ചെയ്യുകയാണെങ്കിൽ ഈ കുഴപ്പം നേരിടുകയില്ല. അങ്ങിനെ നടത്തുന്നതിനു് റേഡിയോവിൽ കുറച്ചു് വ്യത്യാസം വരുത്തണം. അതിനു് ശ്രമിക്കുന്നുണ്ടു്.

KAVILKADAVU—PULLUT BRIDGE—CONSTRUCTION OF

108. (102) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) കാവിൽകടവു—പുല്ലറപാലം പണിയുടെ കായ്മും എങ്ങിനെ ഇരിക്കുന്നു;

(ബി) ആ പണി എപ്പോൾ തുടങ്ങും?